(2) ധനസഹായം നൽകുവാൻ ഒരു കേന്ദ്ര സംഘം രൂപീകരിക്കുക, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെപ്പറ്റി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി റവന്യൂ ബോർഡ് സെക്രട്ടറിയേയും (എക്സൈസ്) സഹകരണ രജിസ്ട്രാറേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ കള്ളു ഷാപ്പുകളിലൂടെ വിൽപ്പന നടത്തപ്പെടുന്ന മദ്യത്തിന്റെ അളവ്

90 [1700] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കള്ളു ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽക്കൂടി ശരാശരി എത്ര ലിറ്റർ കള്ള് ദിനംപ്രതി വിൽപ്പന നടത്തുന്നുണ്ട്;

(ബി) സംസ്ഥാനത്ത് എത്ര ചെത്തു തൊഴിലാളികൾ ഉണ്ട്;

(സി) സംസ്ഥാനത്ത് എത്ര തെങ്ങുകളിൽനിന്നും കള്ള് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 1991-ൽ ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഷാപ്പുകളിൽ ഒരു ലിറ്റർ കള്ളിനും ചാരായത്തിനും എന്ത് വില വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) 1996 ഫെബ്രുവരി 29-ന് ലിറ്ററിന് ഇവ ഓരോന്നിന്റെയും വില എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) ബിയറിനും വിദേശമദ്യങ്ങളുടെ ഓരോ ബ്രാൻഡിനും ഇതേ കാലയളവിലുണ്ടായ വില വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) 1991 മാർച്ച് 31-ന് സംസ്ഥാനത്ത് കള്ള്, ബിയർ, വിസ്കി, ബ്രാണ്ടി ഇവയുടെ ഓരോന്നിന്റെയും ഒരു ലിറ്ററിന്റെ വില എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(എച്ച്) 1995 ഏപ്രിൽ ഒന്നുമുതൽ 1996 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസ്തുത ലഹരി പദാർത്ഥങ്ങളുടെ പ്രതിദിന ഉപഭോഗം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഐ) ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് കള്ളു ഷാപ്പുകൾ, ചാരായ ഷാപ്പുകൾ, വിദേശ മദ്യ ഷാപ്പുകൾ, ബാർ ഹോട്ടലുകൾ, ബിയർ പാർലറുകൾ എന്നിവയുടെ എണ്ണം എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ജെ) 1995-96 സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി 29 വരെ പ്രസ്തുത ഇനത്തിൽപ്പെടുന്ന ഓരോ വിഭാഗങ്ങളുടെയും എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 5986 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കള്ള് വിൽപ്പനയുടെ കണക്ക് ലഭ്യമല്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 201,184 തെങ്ങുകളിൽനിന്നും കള്ള് ഉൽപ്പാദിപ്പിക്കുന്നു.

(ഡി) കള്ളിനും ചാരായത്തിനും വില നിശ്ചയിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ കരാറുകാർ അവരുടെ ഇഷ്ടാനുസരണം വില നിശ്ചയിച്ച് വിറ്റുവരികയാണ്. എന്നാൽ 1991-ൽ 1 ലിറ്റർ കള്ളിന് 9 രൂപ മുതൽ 15 രൂപ വരെയും, ഒരു ലിറ്റർ ചാരായത്തിന് 50 രൂപ മുതൽ 70 രൂപ വരെയും വിലയുണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കള്ളിനും ചാരായത്തിനും നിശ്ചിത വിലയില്ല. എന്നാൽ അന്വേഷണത്തിൽ ഒരു ലിറ്റർ കള്ളിന് 12 മുതൽ 20 രൂപ വരെയും ചാരായത്തിന് 80 രൂപ മുതൽ 110 രൂപ വരെയും വിലയുണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(എഫ്) വിദേശ മദ്യത്തിന് ധാരാളം ബ്രാൻഡുകൾ ഉള്ളതിനാൽ കണക്കുകൾ ലഭ്യമല്ല. 1991-ൽ മേക്ക്ഡവൽ ബ്രാൻഡിക്ക് 80 മുതൽ 100 രൂപ വരെ വിലയുണ്ടായിരുന്നു. എന്നാൽ 1996-ൽ 110 മുതൽ 130 രൂപവരെ വിലയുണ്ട്.

(ജി) കള്ളിനും, ബിയറിനും, വിസ്കിക്കും, ബ്രാണ്ടിക്കും, ഒരു നിശ്ചിത വില നിശ്ചയിച്ചിട്ടില്ല. ഇക്കാരണത്താൽ കരാറുകാർ അവരവരുടെ ഇഷ്ടാനുസരണം വില നിശ്ചയിച്ച് വിറ്റുവരുന്നു. അന്വേഷണത്തിൽ 1991-ൽ ഒരു ലിറ്റർ കള്ളിന് 9 മുതൽ 15 രൂപവരെയും ഒരു ലിറ്റർ ചാരായത്തിന് 50 മുതൽ 70 രൂപ വരെയും ബിയറിന് 20 മുതൽ 25 രൂപവരെയും വിലയുണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദേശമദ്യത്തിന് വിവിധ ബ്രാൻഡുകൾ ഉള്ളതിനാൽ കണക്കുകൾ ലഭ്യമല്ല.

(എച്ച്) കള്ളിന്റെ കണക്ക് ലഭ്യമല്ല. മറ്റുള്ളവയുടെ പ്രതിദിന ഉപയോഗം താഴെപ്പറയും പ്രകാരമാണ്:

ബ്രാണ്ടി	..	50280	ലിറ്റർ
വിസ്കി	..	12119	,,
റം	..	12308	,,
ജിൻ	..	950	,,
വൈൻ	..	131	,,
വോഡ്ക	..	932	,,
ബിയർ	..	59468	,,

(ഐ) 1991-ലെ കണക്കുകൾ ചുവടെ ചേർക്കുന്നു:

കള്ളു ഷാപ്പുകൾ	..	6052	എണ്ണം
ചാരായ ഷാപ്പുകൾ	..	6274	,,
വിദേശമദ്യ ഷാപ്പുകൾ	..	245	,,
ബാർ ഹോട്ടലുകൾ	..	366	,,
ബിയർ പാർലറുകൾ	..	15	,,

LIBRARY ARCHIVES Kerala Legislative Assembly

(ജെ) 1995–96 സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി 29 വരെയുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

കള്ളു ഷാപ്പുകൾ	..	5986	എണ്ണം
ചാരായ ഷാപ്പുകൾ	..	5614	,,
വിദേശമദ്യ ഷാപ്പുകൾ	..	245	,,
ബാർ ഹോട്ടലുകൾ	..	403	,,
ബിയർ പാർലറുകൾ	..	61	,,

ബിവറേജസ് കോർപ്പറേഷൻ വഴി വിൽപ്പന നടത്തിയ മദ്യം

91 [1701] ശ്രീ. എസ്. ശർമ്മ:
,, ടി. കെ. രാമകൃഷ്ണൻ:
,, സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തിൽ ഓരോ വർഷവും ബിവറേജസ് കോർപ്പറേഷൻ വഴി എന്ത് തുകയുടെ മദ്യം സംസ്ഥാനത്ത് വിൽപ്പന നടത്തുകയുണ്ടായി എന്നു വ്യക്തമാക്കുമോ;

(ബി) 1995–96 സാമ്പത്തിക വർഷത്തിൽ ഇതിനകം കോർപ്പറേഷൻ എന്തു തുകയുടെ മദ്യം വാങ്ങിയിട്ടുണ്ട്;

(സി) പ്രസ്തുത കാലയളവിൽ ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) 1995–96 വർഷം ഏതെല്ലാം തരം മദ്യം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എന്ത് വിലയ്ക്ക് എത്രമാത്രം ബിവറേജസ് കോർപ്പറേഷൻ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

1990–91	..	142·33	കോടി രൂപ
1991–92	..	174·67	,,
1992–93	..	298·02	,,
1993–94	..	287·15	,,
1994–95	..	353·91	,,

(ബി) 1–4–1995 മുതൽ 31–1–1996 വരെ 126·49 കോടി രൂപയുടെ മദ്യം വാങ്ങിയിട്ടുണ്ട്.

(സി) 370·75 കോടി രൂപ.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly